**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *195** | **05-11-2019-ൽ മറുപടിക്ക്**

## ഉത്തരവാദിത്ത ടൂറിസം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം**<br>**,, എൻ. ഷംസുദ്ദീൻ**<br>**,, എൻ .എ.നെല്ലിക്കുന്ന്**<br>**,, പി.കെ.അബ്ദു റബ്ബ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കാത്തത് മൂലം ടൂറിസം മേഖല നേരിടുന്ന ബുദ്ധിമുട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം പദ്ധതി നല്ല രീതിയിൽ നടപ്പാക്കി വരുന്നു. ഏതെങ്കിലും പദ്ധതികൾ നടപ്പാക്കാത്തത് കൊണ്ട് ടൂറിസം മേഖലയിൽ ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2007 ൽ സംസ്ഥാന സർക്കാർ തദ്ദേശവാസികളുടെ പ്രതിനിധികൾ, ജനപ്രതിനിധികൾ, ടൂറിസം വ്യവസായികൾ തുടങ്ങിയ വിവിധ സ്റ്റേക്ക് ഹോൾഡേഴ്സുമായി നടത്തിയ ചർച്ചകളെ തുടർന്ന് ടൂറിസം കേന്ദ്രങ്ങൾ തദ്ദേശീയ വാസികളുടെയും ഇതര ജനവിഭാഗങ്ങളുടെയും സഹകരണത്തോടെ കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങളോടെയും ആവശ്യമായ ഉത്തരവാദിത്തങ്ങളോടും കൂടി ടൂറിസ്റ്റ് സൗഹൃദ കേന്ദ്രങ്ങളാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഉത്തരവാദിത്ത ടൂറിസം പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുള്ളത്. പ്രാരംഭമായി 2008 ൽ നാല് കേന്ദ്രങ്ങളിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ ആരംഭിക്കുകയുമുണ്ടായി. ഈ സർക്കാർ 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ (ആർ.ടി മിഷൻ) രൂപീകരിക്കുകയും മിഷൻ പ്രവർത്തനങ്ങൾ വിജയകരമായി നടന്നു വരികയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ബി) | ഉത്തരവാദിത്ത ടൂറിസം പദ്ധതിക്കായി പുതിയ ഏതെല്ലാം ഡെസ്റ്റിനേഷനുകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് ജില്ല തിരിച്ചുള്ള വിവരങ്ങൾ വിശദമാക്കുമോ; | (ബി) | ആദ്യ ഘട്ടത്തിൽ 7 കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചാണ് ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടന്നിരുന്നത്. എന്നാൽ ഡെസ്റ്റിനേഷൻ അടിസ്ഥാനത്തിലല്ല ഇപ്പോൾ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടക്കുന്നത്. ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിക്കുകയും ജില്ലാ അടിസ്ഥാനത്തിൽ സാധ്യതയുള്ള എല്ലാ പ്രദേശങ്ങളെയും ഉൾപ്പെടുത്തുന്ന രീതിയിൽ പ്രവർത്തനങ്ങൾ നടത്തി വരികയുമാണ്. |
| (സി) | ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ പ്രവർത്തന പുരോഗതിക്കായി ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുന്നതിനായി 2017 ജൂൺ 23 ന് ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിക്കുകയും മിഷൻ പ്രവർത്തനങ്ങൾ വിജയകരമായി സംസ്ഥാനത്ത് നടന്നു വരികയുമാണ്. |

**സെക്ഷൻ ഓഫീസർ**